മാതൃഭൂമി
Seed
FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 19 APRIL 2023

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണ്ണച്ചിറക്

കഥ - കവിത


Cover photo: Shutterstock



# വേനൽ ഓർമിപ്പിക്കുന്നത്

**വേ**നലവധിക്കാലം ചൂടിന്റെ കാലമാണ്. നമ്മുടെ ചിന്തകൾക്കും ചൂടുപിടിക്കേണ്ട കാലമാണിത്. കഠിനമാവുന്ന ചൂടിനെ നിലയ്ക്കുനിർത്താൻ തണൽ തരുന്ന മരങ്ങളെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കേണ്ടത്. പൊരിവെയിലിൽ വാഹനമോടിച്ചുപോകുന്നതിനിടെ ഒന്ന് പാർക്ക്ചെയ്യാനായി മരത്തണൽ തിരയാറില്ലേ? അപ്പോഴെങ്കിലും ആലോചിക്കണം നമ്മൾ ഇതുപോലെ എത്ര മരം നട്ടിട്ടുണ്ടെന്ന്. മരമൊന്നും നട്ടിട്ടില്ലെങ്കിൽ മരത്തണലിൽ വാഹനം പാർക്ക്ചെയ്യാൻ നമുക്ക് അവകാശമില്ല എന്നും ഓർക്കുന്നത് നല്ലതാണ്.

എഡിറ്റോറിയൽ

# ആനയും ആശങ്കകളും

കാട്ടാനകൾ നാട്ടിലിറങ്ങി ഉണ്ടാക്കുന്ന നാശങ്ങൾക്ക് പരിധിയില്ല. പല പേരുകളിൽ പല സ്ഥലങ്ങളിൽ കാട്ടാനകൾ നാട്ടുകാരെ വിറപ്പിക്കുന്നുണ്ട്. മനുഷ്യജീവനും സ്വത്തിനും സംരക്ഷണമൊരുക്കുക എന്നത് പരമപ്രധാനവുമാണ്. എന്നാൽ അതിനൊപ്പം മൃഗങ്ങളുടെ ജീവനും ജീവിതവും കൂടി പരിഗണിക്കപ്പെടുകതന്നെവേണം. ഒരുകാലത്ത് മൃഗങ്ങൾ വിഹരിച്ചു നടന്ന കാടുകൾ വെട്ടിത്തെളിച്ച് മനുഷ്യർ പലയിടങ്ങളിലേക്കും കുടിയേറ്റം നടത്തി. കാട്ടുമൃഗങ്ങളുടെ സ്വന്തമായിരുന്ന ഇടങ്ങളിലേക്ക് അതിക്രമിച്ചുകടന്നത് നമ്മളാണ്. അവിടം നമ്മൾ വാസസ്ഥലമാക്കുകയും ചെയ്തു. ജനങ്ങളുടെ സുരക്ഷയ്ക്കായി വന്യമൃഗങ്ങൾക്കെതിരേ നടപടികളെടുക്കുമ്പോൾ ഈ ചരിത്രം മറന്നുപോകരുത്. വന്യമൃഗങ്ങൾ മനുഷ്യരോളം ബുദ്ധിവികാസമില്ലാത്ത ജീവികളാണെന്ന പരിഗണന തീർച്ചയായും ഉണ്ടാവുകയും വേണം. അപ്പോഴല്ലേ ബുദ്ധിവികാസമുള്ള ജീവിയെന്ന് നമുക്ക് അഭിമാനിക്കാൻകഴിയൂ!



# ശെന്തുരുണി

ഉഷ്ണമേഖലാ അർധനിത്യഹരിതവനമാണ് ശെന്തുരുണി. കൊല്ലം ജില്ലയിലാണ് ഈ സംരക്ഷിത വനപ്രദേശം. ആന, പുള്ളിപ്പുലി, കാട്ടുപോത്ത്, സാമ്പർ, കാട്ടുപന്നി, സിംഹവാലൻ കുരങ്ങ്, മക്കാക്ക്, ലംഗൂർ, മാൻ തുടങ്ങി നിരവധി ജീവികളും പടിഞ്ഞാറൻതീരത്തെ ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളിലെ മറ്റ് സ്ഥിരനിവാസികളും ഇവിടെയുണ്ട്. ഈ വന്യജീവിസങ്കേതത്തിൽ നിബിഡമായ വനമേഖലയുമുണ്ട്. വിദേശസസ്യങ്ങൾക്കും പേരുകേട്ട സ്ഥലമാണിവിടം. അവയിൽ ചിലത് വൈദ്യശാസ്ത്രപരമായി പ്രധാന്യമുള്ളവയുമാണ്.



തീർത്ഥ കൃഷ്ണൻ
ജോൺ എഫ്. കെന്നഡി മെമ്മോറിയൽ
V.H.S സ്കൂൾ, കൊല്ലം

കേരളം അറിയാൻ

# ബ്രഹ്മപുരം ഒരു മുന്നറിയിപ്പ്

മാലിന്യസംസ്കരണത്തിന് ശാസ്ത്രീയവും പ്രായോഗികവുമായ കർമപദ്ധതികൾ നമുക്ക് അനിവാര്യമാണെന്ന മുന്നറിയിപ്പ്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പലതരം മാലിന്യങ്ങളുടെ കൂമ്പാരത്തിന് തീ പടർന്നപ്പോൾ ഒരു നാടിന് മുഴുവൻ ശ്വാസംമുട്ടി. എക്കാലത്തും മാലിന്യസംസ്കരണം നമുക്ക് വെല്ലുവിളിയായിരുന്നു. മാലിന്യം വേർതിരിക്കാനും ശരിയായി സംസ്കരിക്കാനും നമ്മൾ ഏറെ മുന്നേറാനുണ്ട്. മാലിന്യസംസ്കരണത്തിന്റെ ആദ്യപാഠം തുടങ്ങേണ്ടത് വീടുകളിൽനിന്നും വിദ്യാലയങ്ങളിൽനിന്നുമാണ്. മാലിന്യം സംസ്കരിക്കേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും ഗവൺമെന്റുകളുടെയും മാത്രം ഉത്തരവാദിത്വമാണെന്ന ചിന്ത ആദ്യം മാറ്റണം. ഇത് നമ്മൾ ഓരോരുത്തരുടെയും കടമയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജനങ്ങളിൽ ഇത്തരമൊരു മനോഭാവം വളർത്തിയെടുക്കേണ്ടതും ആർജവവും ദിശാബോധവുമുള്ള മാലിന്യസംസ്കരണ നയം നടപ്പിലാക്കാൻ മുന്നിൽനിന്ന് നയിക്കേണ്ടതും ഭരണാധികാരികളാണ്. സീഡ് പോലെയുള്ള പരിസ്ഥിതിപ്രസ്ഥാനങ്ങൾക്കും ഇക്കാര്യത്തിൽ വലിയ പങ്ക് തുടർന്നും വഹിക്കാൻകഴിയും.



ദിനേശൻ എം.
സീഡ് കോർഡിനേറ്റർ
ഗവ. ഹൈസ്കൂൾ കൂളിയാട്, കാസർകോട്



# ചെന്തലയൻ വേലിത്തത്ത

## Chestnut headed beeeater

കേരളത്തിലെ കാടുകളിൽ കാണപ്പെടുന്ന വേലിത്തത്തവിഭാഗത്തിലെ അംഗമാണ്ചെന്തലയൻ. Chestnut headed beeeater എന്നാണ് ഇംഗ്ലീഷ് പേര്. ചെറിയ ഇനം വേലിത്തത്തയാണ് ഇത്. ഇവയെ മറ്റ് വേലിത്തത്തകളിൽനിന്ന്വ്യത്യസ്തമാക്കുന്ന പ്രത്യേകത ഇതിന് വാലിൽ കമ്പിത്തൂവലില്ലഎന്നതാണ്. വാലിന് മുകളിൽ കുറേ നീലനിറം കാണാമെങ്കിലും വാൽമൊത്തമായും നീലയല്ല. ചിറകുകളും വാലും കരിമ്പച്ച നിറമാണ്.ദക്ഷിണേന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിലെ കാടുകളിലെസ്ഥിരതാമസക്കാരാണ്. ശ്രീലങ്കയിലും ഇൻഡൊനീഷ്യൻ കാടുകളിലും കാണപ്പെടുന്നുണ്ട്. പ്രാണികളെയും മറ്റും കണ്ടാൽ ഇവ പൊടുന്നനെ പറന്ന്അവയെ പിടിക്കും. ചെങ്കുത്തായ മൺതിട്ടകൾ തുരന്ന്മാളമുണ്ടാക്കി അതിലാണ് മുട്ടയിടുന്നത്.

ദേവിക വി.പി.
V.N.P. ഗവ. ഹയർ സെക്കൻഡറി സ്കൂൾ
പള്ളൂർ, കണ്ണൂർ

ഈ ഫോട്ടോ കാണാം

കടുത്ത വേനലിലും വറ്റാത്ത
ശുദ്ധജലസംഭരണി.
മീനങ്ങാടി പഞ്ചായത്തിലെ
മന്നത്ത് കോളനിയിലെ കേണി



# കേണി

ശ്രീഹരി പി.
ജി.എൽ.പി.എസ്. പൂമല
വയനാട്



# പട്ട് നെയ്യുന്നവർ

**സി**ൽക്കിന്റെ ഉത്പാദനത്തിനായി പട്ടുനൂൽപുഴുക്കളെ വളർത്തുന്ന കൃഷിരീതിയാണ് സെറികൾച്ചർ. കേരളത്തിലെ മിക്കപ്രദേശങ്ങളിലും എല്ലാ കാലാവസ്ഥയിലും ചെയ്യാവുന്ന വ്യവസായമാണിത്. പട്ടുനൂൽ ഉത്പാദിപ്പിക്കുന്ന നിരവധി പുഴുക്കളുണ്ടെങ്കിലും ബോംബിസ് മോറി എന്ന ഇനത്തിലുള്ള പട്ടുനൂൽപ്പുഴുക്കളെയാണ് പ്രധാനമായും പട്ടുനൂൽക്കൃഷിക്ക് ഉപയോഗിക്കുക. മൾബെറിച്ചെടിയുടെ ഇലകളാണ് ഇവയുടെ ഭക്ഷണം. പട്ടുനൂൽക്കൃഷിയുടെ ഉദ്ഭവം ചൈനയിലാണ്. ഇന്ന് ലോകത്തിലെ ആകെ പട്ട് ഉത്പാദനത്തിന്റെ 60 ശതമാനവും ഇന്ത്യയിലും ചൈനയിലും ആണ്.

ദൃശ്യ പ്രമോദ്
ആംഗ്ലോ ഇന്ത്യൻ ഹൈസ്കൂൾ
കോഴിക്കോട്

സിനിമാപാട്ടിലെ പ്രകൃതി

# പൂക്കളിൽ ഇളവെയിലായി എഴുതിയത്...

*ഒരു വേനൽ പുഴയിൽ തെളിനീരിൽ*
*പുലരി തിളങ്ങി മൂകം*
*ഇലകളിൽ പൂക്കളിൽ എഴുതി ഞാൻ*
*ഇളവെയിലായി നിന്നെ...*

എന്ന് തുടങ്ങുന്ന ചലച്ചിത്രഗാനം 2007-ൽ റിലീസ്ചെയ്ത പ്രണയകാലം എന്ന സിനിമയിലെതാണ്. റഫീക്ക് അഹമ്മദ് എഴുതി ഔസേപ്പച്ചൻ സംഗീതം നല്കിയ ഈ മനോഹര ഗാനം ആലപിച്ചത് രഞ്ജിത്ത് ഗോവിന്ദ് ആണ്.വേനലിൽ പുഴയിലെ തെളിനീരിൽ പുലരി മൂകമായി തിളങ്ങിയെന്നും ഇലകളിലും പൂക്കളിലും ഇളവെയിലായി ഞാൻ നിന്നെ എഴുതിയെന്നുമാണ് ഈ വരികളിലൂടെ പറയുന്നത്.

ശിവനന്ദ് കെ.കെ.
ഏര്യം വിദ്യാമിത്രം യു.പി. സ്കൂൾ
കണ്ണൂർ



ഇത് അതിശയം തന്നെ

# കൂട് കൂട്ടാം!

തൂക്കണാംകുരുവികളുടെ കൂട് ഒരു അതിശയക്കാഴ്ചതന്നെയാണ്. എന്റെ വീടിനടുത്തുള്ള ഒരു പനയിൽ നിറയെ തൂക്കണാംകുരുവികൾ കൂടുകൂട്ടിയിട്ടുണ്ട്. മുട്ടയിടുന്നകാലത്താണ് അവ രണ്ടും മൂന്നും നിലയുള്ള, പുറകുവശം ഉന്തിയ കൂടുകൾ കൂട്ടുന്നത്. ഏറ്റവും സങ്കീർണ ഘടനയുള്ള കൂടുകൾ കൂട്ടുന്ന പക്ഷികളാണ് തൂക്കണാംകുരുവികൾ. ഓരോരോ നാരുകൾ കൊണ്ടുവന്ന് ഓലത്തുമ്പിൽ തുന്നിപ്പിടിപ്പിച്ച് കൂടുണ്ടാക്കുന്ന കൗതുകകരമായ കാഴ്ച ഞാൻ നോക്കിനിൽക്കാറുണ്ട്.

അനുഗ്രഹ ആർ.
സി.എ.യു.പി.എസ്. മമ്പാട്, പാലക്കാട്


തെറ്റ് ശരി

# വളർച്ചയുടെ മൂലകങ്ങൾ

**ചെ**ടികളുടെ വളർച്ചയ്ക്ക് ഏറ്റവും ആവശ്യമായ മൂലകങ്ങൾ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ മാത്രമാണ് എന്നതാണ് പൊതുധാരണ. എന്നാൽ ചെടികളുടെ വളർച്ചയ്ക്കും നല്ല വിളവ് ലഭിക്കുന്നതിനും ആവശ്യമായ മൂലകങ്ങളെ നമുക്ക് ഇങ്ങനെ വർഗീകരിക്കാം.

ഗ്രൂപ്പ് A: കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ (98.5%)
ഗ്രൂപ്പ് B: നൈട്രജൻ ഫോസ്ഫറസ്, പൊട്ടാഷ്
ഗ്രൂപ്പ് C: കാൽസ്യം, മഗ്നീഷ്യം, സൾഫർ
ഗ്രൂപ്പ് D: ബാക്കി 99 മൂലകങ്ങൾ 1.5%

അതായത് ഗ്രൂപ്പ് A–യിൽ വരുന്ന C, H, O മൂന്നെണ്ണം ചേർന്ന് 98.5%–വും ഗ്രൂപ്പ് B, ഗ്രൂപ്പ് C, ഗ്രൂപ്പ് D മൂലകങ്ങൾ ചേർന്ന് ബാക്കി 1.5%–വുമാണ് ചെടികളുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നത്. അതിനാൽ കാർബൺ, ഹൈഡ്രജൻ ഓക്സിജൻ എന്നിവയെ ഒരു ചെടിയുടെ വളർച്ചയിലെ ഏറ്റവും പ്രധാന ഘടകങ്ങളായി കണക്കാക്കാം.




മാതൃഭൂമി ആകാശപ്പച്ച
2023 ഏപ്രിൽ

സഫ്ദർ കെ.
ജി.വി.എച്ച്.എസ്.എസ്., തളിക്കുളം
തൃശ്ശൂർ

# പ്ലാസ്റ്റിക് എന്ന ആപത്ത്

പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് മനുഷ്യരിലും മൃഗങ്ങളിലും പല മാരക രോഗങ്ങൾക്കും കാരണമാകും. കുട്ടികൾ. ഗർഭിണികൾ, വയോധികർ എന്നീ വിഭാഗങ്ങൾക്ക് ഏറ്റവും ഹാനികരമാണ് പ്ലാസ്റ്റിക് കത്തുമ്പോൾ ഉണ്ടാകുന്ന പുക. അസ്ഫിക്സിയ എന്ന അവസ്ഥയുണ്ടായി ഹൃദയം നിലച്ചുപോകാൻ പോലും ഇത് കാരണമാവുന്നു. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡയോക്സിനുകൾ ചെടികളിലും മറ്റും എത്തുന്നു. ഈ സസ്യങ്ങൾ ഭക്ഷിക്കുന്ന മൃഗങ്ങളുടെ കൊഴുപ്പിൽ ഡയോക്സിനുകൾ സംഭരിക്കപ്പെടുന്നു. അത്തരത്തിലുള്ള മൃഗങ്ങളുടെ മാംസവും പാലുത്പന്നങ്ങളും കഴിക്കുന്നതുമൂലം മനുഷ്യരിലേക്കും ഡയോക്സിനുകൾ എത്തപ്പെടുന്നു ഈ രാസവസ്തുക്കൾ കാൻസർ തുടങ്ങിയ മാരകമായ രോഗങ്ങൾ പിടിപെടാൻ കാരണമാകുന്നു.



മീര രാകേഷ്, ക്ലാസ് 9
കേന്ദ്രീയ വിദ്യാലയം, കാഞ്ഞങ്ങാട്
കാസർകോട്

പൂവറിവ്

Bleeding heart vine



# ബ്ലീഡിങ് ഹാർട്ട് വൈൻ

**മു**റിവേറ്റ് രക്തം വാർന്നൊഴുകുന്ന ഹൃദയം പോലെയുള്ള പൂക്കളുമായി ഒരു വള്ളിച്ചെടി നമ്മുടെ നാട്ടിലുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കയിൽ നിന്നെത്തിയ ഈ ചെടി ഇന്ന് അറിയപ്പെടുന്ന ഒരു ഉദ്യാനസസ്യമാണ്. പൂക്കളുടെ പ്രത്യേകതയാണ് ഇതിനെ വേറിട്ടതാക്കുന്നത്. വെളുത്ത നിറത്തിലുള്ള അഞ്ചു വിദളങ്ങൾക്ക് ഹൃദയാകൃതിയാണ്. അതിന്റെ ഉള്ളിൽ നിന്ന് പുറത്തേക്ക് തലനീട്ടി നിൽക്കുന്ന കടുംചുവപ്പു നിറമുള്ള അഞ്ചു ദളങ്ങൾ മുറിവേറ്റ ഹൃദയത്തിൽ നിന്ന് ഇറ്റി വീഴുന്ന രക്തത്തുള്ളികൾ പോലെ തോന്നിക്കും. ബ്ലീഡിങ് ഹാർട്ട് എന്ന പേരിനു തികച്ചും അന്വർഥമാക്കുന്ന രൂപം.

ഇഷിദ കൃഷ്ണ
കരയോഗം യൂ. പി. സ്കൂൾ
ആലപ്പുഴ

വർണച്ചിറക്

കവിത

# നിറമുള്ള സ്നേഹം

പ്രകൃതിയാകുന്നോരമ്മ
വാത്സല്യനിധിയാകും അമ്മ
അമ്മതൻ സ്നേഹ സ്പർശം
മഴയായി വെയിലായി മാറീടുന്നു.
മഴ ഭൂമിയിൽ പതിച്ചിടുമ്പോൾ
അത് ചെടിയായി മരമായി മാറീടുന്നു.
ചെടിയിൽ മുളയ്ക്കുന്ന മൊട്ടുകൾ
പല നിറപൂക്കളായ് മാറീടുന്നു.
ഇലയുടെ തുമ്പത്തിരുന്നൂയലാടും
മുത്തുകളാവുന്നു മഞ്ഞുതുള്ളി.
മരത്തിൽ നിറയുന്നു പലനിറങ്ങൾ
മധുരമൂറുന്ന പഴങ്ങളായി
അമ്മയൊരുക്കുന്നു മക്കൾക്കായി
ഒന്നുമേ നാം വ്യർത്ഥമാക്കീടല്ലേ
അമ്മയെ വേറിട്ടു പോയീടല്ലേ



ലക്ഷ്മി സി.ബി., ക്ലാസ് 6
ജി.യു.പി.എസ്., തിരുവാർപ്പ്
കോട്ടയം

# ഒരുമ

കിങ്ങിണിക്കാട്ടിലെ മൃഗങ്ങൾ എല്ലാവരും ഒരു കുടുംബം പോലെ ആയിരുന്നു. ഒരുദിവസം ഒരു മരംവെട്ടുകാരൻ കിങ്ങിണിക്കാട്ടിൽ വന്ന് മരം വെട്ടാൻതുടങ്ങി. അയാൾ വെട്ടുന്ന ഓരോ മരത്തിലും കിളികളുടെ മുട്ടകളും കുഞ്ഞുങ്ങളും ഒക്കെ ഉണ്ടായിരുന്നു. അപ്പോൾ തത്തമ്മ വളരെ സങ്കടത്തോടെ പറഞ്ഞു, "എന്റെ കുഞ്ഞുങ്ങളെ നഷ്ടപ്പെട്ടു. ഇങ്ങനെ മരങ്ങൾ നഷ്ടപ്പെട്ടാൽ നമുക്ക് താമസിക്കാൻ ഇടമില്ലാതെ വരും. മരങ്ങൾ നഷ്ടപ്പെട്ടാൽ മഴ ലഭിക്കില്ല. വെള്ളമില്ലാതെ നമ്മൾ ചത്തൊടുങ്ങും." ഇത് കേട്ട് എല്ലാവരും ഭയപ്പെട്ടു. എന്ത് ചെയ്യും? എല്ലാവരും ആലോചിച്ചു. നമ്മൾ ഭയന്ന് നിന്നാൽ കാര്യം നടക്കില്ല. ധൈര്യത്തോടെ അവരെ നേരിടണം. എല്ലാവരും അതിനുവേണ്ടി തയ്യാറെടുത്തു. ചിലർ അതിവേഗം പറന്നുചെന്ന് മരംവെട്ടുകാരനെ കൊത്തി, ചിലർ കടിച്ചു, ചിലർ പേടിപ്പിച്ച് അലറി ഓടിച്ചു. അങ്ങനെ അവരുടെ കൂട്ടായ പരിശ്രമംകൊണ്ട് കാടിനെയും അവരുടെ തലമുറയെയും സംരക്ഷിക്കാൻ അവർക്ക് കഴിഞ്ഞു. ഒന്നിച്ച് നിന്നാൽ എന്തിനെയും നേരിടാം.





കാരോൾ ജീമോൻ, ക്ലാസ് 5
സിറിയൻ ജാക്കോബൈറ്റ് പബ്ലിക് സ്കൂൾ
പത്തനംതിട്ട

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

**നാട്, കാട്ടിലേക്ക്
കയറിപ്പോയത്ര ക്രൂരമായല്ല
കാട് നാട്ടിലേക്ക് ഇടവഴി തേടുന്നത്**



ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക് അയക്കാം വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed